**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 772** **09-08-2023 - ൽ മറുപടിയ്ക്ക്**

**കേരള ഹൈഡൽ ടൂറിസം സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരള ഹൈഡൽ ടൂറിസം സെന്ററിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരള ഹൈഡൽ ടൂറിസം സെന്ററിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ചെറുതും വലുതുമായ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിന്റെ ഫലമായി ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ നൽകാമോ? | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ 11,35,19,606/- രൂപയുടെ വരുമാനവും 2022-23സാമ്പത്തിക വർഷത്തിൽ 24,68,26,297/- രൂപയുടെ വരുമാനവും ഹൈഡൽ ടൂറിസം സെന്ററിന് ഉണ്ടായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 10 കോടിയോളം രൂപയുടെ ലാഭമാണ് ഹൈഡൽ ടൂറിസം സെന്ററിന് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേരള ഹൈഡൽ ടൂറിസം - കഴിഞ്ഞ രണ്ടു വർഷത്തെ പ്രധാന വികസന പ്രവർത്തനങ്ങൾ

2014-15 വർഷം മുതലുള്ള നിയമപരമായി സർക്കാറിലേക്ക് അടക്കേണ്ട നികുതികൾ അടയ്ക്കാതെ മുടക്കം വരുത്തിയതിനെ തുടർന്ന് പലിശസഹിതം 10,36,16,796/- കോടി രൂപ അടയ്ക്കണമെന്ന് കാട്ടി വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും നോട്ടീസ് ലഭിച്ചിരുന്നു. ഈ തുക അടച്ചു തീർക്കുന്നതിനായി 2021 മാർച്ചിൽ കെ.എസ്.ഇ.ബിയിൽ നിന്നും 11.5% പലിശയ്ക്ക് 7 കോടി രൂപ വായ്പ എടുത്തത് രണ്ട് വർഷം കൊണ്ട് പലിശ സഹിതം (7 കോടി മുതലും 1.20 കോടി രൂപ പലിശ) പൂർണ്ണമായി അടച്ചുതീർത്തു.

നിരന്തരമായ പരിശ്രമഫലമായി ഇൻകം ടാക്സിൽ നിന്നും 1.25 കോടിരൂപയുടെ പെനാൽട്ടി ഒഴിവാക്കുന്നതിന് സാധിച്ചു. വായ്പതുകയും ദൈനംദിന പ്രവർത്തനങ്ങളിൽ കർശനമായ നിയന്ത്രണങ്ങളിലൂടെ സമാഹരിച്ച തുകയും ഉപയോഗിച്ച് നികുതി ബാധ്യതകൾ അടച്ചുതീർത്തു.

സെന്ററുകളിൽ വാടക/വരുമാനവിഹിതം പങ്കിടൽ വ്യവസ്ഥയിൽ നടത്തിയിരുന്ന കരാർ അവസാനിച്ച എല്ലാ സംരംഭങ്ങളും റീടെന്റർ ചെയ്യുകയും ഇതുവഴി മുൻപ് ലഭിച്ചിരുന്നതിനെക്കാൾ 10% മുതൽ 236% വരെ വരുമാന വർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

വർഷങ്ങളായി അറ്റകുറ്റപ്പണികൾ ചെയ്യാതിരുന്ന ബോട്ട് എഞ്ചിനുകളും ബോട്ട് ജെട്ടികളും പണിചെയ്ത് പ്രവർത്തന സജ്ജമാക്കുയും ബോട്ടുകളുടെ അറ്റകുറ്റ പണികൾക്ക് കാല താമസം ഉണ്ടാകാതിരിക്കുന്നതിനായി ബോട്ടിന്റെ സ്പെർ പാർട്ട്സുകളും ടൂൾസുകളും സെന്ററുകളിൽ വാങ്ങി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

പുതിയബോട്ടുകളും എഞ്ചിനുകളും വാങ്ങി ബോട്ടിംഗ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. പുതിയ 4 ബോട്ട് എഞ്ചിനുകൾ കൂടി വാങ്ങുന്നതിനുള്ള ഓർഡർ നൽകിയിട്ടുണ്ട്. ഓണത്തിന് മുൻപായി എഞ്ചിനുകൾ എത്തിചേരും.

പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ട് ബോട്ടുകളും വാഹനങ്ങളും ഇലക്ട്രിക്കിലേക്ക് മാറ്റുന്നതിനുള്ള ആദ്യപടിയായി ഇലക്ട്രിക് എഞ്ചിൻ ഘടിപ്പിച്ച് ബോട്ട് ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

സെന്ററുകളിൽ സോളാർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

എല്ലാ സെന്ററുകളിലും മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമുള്ള സംവിധാനങ്ങൾ നടപ്പിലാക്കി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കരാർ നടപടികൾ നടന്നുവരുന്നു.

സെന്ററുകളിൽ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സന്ദർശകർക്ക് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ശൗചാലയങ്ങൾ പാർക്കിംഗ് ഗ്രൗണ്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും റോഡുകൾ അറ്റകുറ്റപണി നടത്തുന്നതിനും ഉള്ള ജോലികൾ ചെയ്യുന്നതിന് കരാർ കമ്പനിയുമായി ധാരണയിൽ എത്തിയിട്ടുണ്ട്.

വിനോദ സഞ്ചാരികൾക്ക് ടിക്കറ്റ് നൽകുന്നതിന് ഓൺ ലൈൻ ടിക്കറ്റ് മെഷീൻ വാങ്ങുകയും യു.പി.ഐ പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഹൈഡൽ ടൂറിസം വെബ്സൈറ്റ് പൊതുജനങ്ങൾക്ക് കൂടുതൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലേക്ക് മാറ്റുന്നതിന് സ്റ്റാർട്ടപ്പ് സ്ഥാപനത്തിന് കരാർ നൽകിയിട്ടുണ്ട്.

സെന്ററുകൾ കൂടുതൽ ആകർഷകമാക്കുന്നതിന് ഇല്യൂമിനേഷൻ വർക്കുകൾ സ്ഥാപിക്കുന്ന ജോലികൾ ഉൾപ്പെടെ യുള്ള വിവിധ ജോലികൾ നടന്നുവരുന്നു.

മുന്തിയഇനം കളികോപ്പുകൾ ഉപയോഗിച്ച് കുട്ടികൾക്കുള്ള പാർക്കുകൾ ആകർഷകമാക്കുന്നതിനുള്ള പണികൾ നടന്നുവരുന്നു.

ജീവനക്കാരുടെയും വിനോദ സഞ്ചാരികളുടെയും സുരക്ഷയ്ക്കായി എല്ലാ സെന്ററുകളിലും സി.സി.ടി.വി നിരീക്ഷണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്.

ബാണാസുരസാഗർ ഹൈഡൽ ടൂറിസം സെന്റർ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കെ.എസ്.ഇ.ബി യുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

ബാണാസുരസാഗറിൽ ജീവനക്കാർക്ക് താമസിക്കുന്നതിന് നൽകിയിട്ടുള്ള കർട്ടേഴ്സുകളും, ഡോർമെറ്ററികളും പുതുക്കിപണിതു മനോഹരമാക്കിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സർക്കാർ നിയമങ്ങൾക്കനുസരിച്ച് ക്രമപ്പെടുത്തി. സെന്ററുകളിൽ പഞ്ചിംഗ്സിസ്റ്റം കാര്യക്ഷമമാക്കി. ജോലിസമയത്തിലും, സെന്ററുകളിലെ ചെലവുകളിലും കർശനമായ അച്ചടക്കം കൊണ്ടുവന്നു.

സാമ്പത്തിക പ്രതിസന്ധികാരണം വിവിധ വർഷങ്ങളിലായി ജീവനക്കാർക്ക് മുടങ്ങികിടന്ന എല്ലാ ആനുകൂല്യങ്ങളും മുടക്കംതീർത്ത് നൽകി.

ജീവനക്കാർക്ക് സീസൺ സമയങ്ങളിൽ ഇൻസന്റീവ് നൽകിവരുന്നുണ്ട്. ഓണം ബോണസ്/ ഉത്സവബത്ത എന്നിവ സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ നൽകിയിട്ടുണ്ട്.

സ്ഥാപനത്തിലെ എച്ച്.ആർ പുന:സംഘടിപ്പിക്കുന്നതിനും ജീവനക്കാരുടെ തസ്തിക സംബന്ധിച്ചും വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ സംവിധാനമായ കിറ്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ഗവേണിംഗ്ബോഡി അനുമതിയോടെ പ്രാവർത്തികമാക്കുമ്പോൾ ജീവനക്കാരുടെ ശമ്പളം, തസ്തിക, പ്രവർത്തനം എന്നിവയിൽ നല്ലരീതിയിലുള്ള പുരോഗതിഉണ്ടാകും.

---